ആലുവ മഹാശിവരാത്രിയുടെ ഒരുക്കങ്ങൾ വിലയിരുത്താൻ ജില്ലാ പോലീസ് ആസ്ഥാനത്ത് കോർഡിനേഷൻ മീറ്റിംഗ് നടന്നു. വിവിധ ഡിപ്പാർട്ട്മെൻറുകൾ പങ്കെടുത്ത യോഗത്തിൽ ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന അധ്യക്ഷത വഹിച്ചു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അംഗങ്ങൾ പങ്കെടുത്തു. സുരക്ഷാ ക്രമീകരണങ്ങളൊരുക്കാൻ പോലീസ് സജ്ജമാണെന്ന് ജില്ലാ പോലീസ് മേധാവി പറഞ്ഞു. പത്ത് ഡി വൈ എസ് പി മാർ സുരക്ഷാ ചുമതലയിലുണ്ടാകും. മൂന്നു ജില്ലകളിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കുണ്ടാകും. മണപ്പുറത്ത് ആഘോഷങ്ങൾ കഴിയുന്നതു വരെ കൺട്രോൾ റൂം പ്രവർത്തിക്കും. ഇവിടെ 24 മണിക്കൂറും പോലീസ് സേവനം ലഭ്യമാകും. ഗതാഗതക്കുരുക്കും, ആൾ തിരക്കും ഒഴിവാക്കാൻ വിപുലമായ സംവിധാനമൊരുക്കുമെന്നും വൈഭവ് സക്സേന പറഞ്ഞു. വിവിധ ഡിപ്പാർട്ട്മെൻറുകളുടെ ഏകോപനവും വിവിധ ഡിപ്പാർട്ട്മെൻറുകൾ ചെയ്യേണ്ടതായ മുന്നൊരുക്കങ്ങളും ചർച്ച ചെയ്തു. ആലുവ മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ, തഹസീൽദാർ രമ്യ.എസ്.നമ്പൂതിരി ഡി.വൈ.എസ്.പി മാരായ എ.പ്രസാദ്, വി.എസ്.നവാസ്, അസിസ്റ്റൻറ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജെറി ജോസഫ്, മൈനർ ഇറിഗേഷൻ ഓവർസിയർ ജെറിൻ ജോസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അജിത് കുമാർ, മുൻസിപ്പൽ കൗൺസിലർ കെ.വി.സരള, എക്സൈസ് ഇൻസ്പെക്ടർ എം.സുരേഷ്, ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി ഐ.ബിരഘു, വാട്ടർ അതോറിറ്റി എ ഇ സൗമ്യ സുകുമാരൻ, പി ഡബ്ലിയു ഡി ഓവർസിയർ ടി.കെ.സ്മിത, ഫയർ ആൻറ് സേഫ്റ്റി ഓഫീസർ സി.ജി.ഷാജി, പി.ആർ.ഡി ഇൻഫർമേഷൻ ഓഫീസർ അമൃത രാജു, ഹെൽത്ത് ഓഫീസർ ജി.സുനിമോൾ, എം.വി.ഐ താഹിറുദ്ദീൻ, തുടങ്ങി വിവിധ ഡിപ്പാർട്ട്മെൻറ് പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.